**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 1937** **25.03.2013-ൽ മറുപടിക്ക്.**

## പുതിയ പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഇതിനുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ;<br><br>(സി) പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ? | : (എ), (ബി) & (സി)<br><br>ജനസംഖ്യ, സ്ഥലത്തിന്റെ പ്രത്യേകത, ജോലിഭാരം, കുറ്റകൃത്യങ്ങളുടെ എണ്ണം, പ്രസിദ്ധമായ സ്ഥാപനങ്ങൾ, ആരാധനാലയങ്ങളുടെ സാന്നിദ്ധ്യം എന്നീ പ്രധാനഘടകങ്ങളെ അടിസ്ഥാനമാക്കിയും സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി പരിഗണിച്ചുമാണ് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എട്ട് പോലീസ് സ്റ്റേഷനുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവയിൽ രണ്ടെണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഗുരുവായൂർ ശ്രീകൃഷ്ണടെമ്പിൾ, വൈറ്റില (കൊച്ചി), പുളിങ്ങം(കണ്ണൂർ), മുളംകുന്നത്തുകാവ് (തൃശ്ശൂർ) എന്നിവിടങ്ങളിൽ പുതുതായി പോലീസ് സ്റ്റേഷൻ ആരംഭിയ്ക്കുന്നതിനും, ഇടുക്കി ജില്ലയിലെ തങ്കമണി, പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ അച്ചൻകോവിൽ എന്നീ ഔട്ട് പോസ്റ്റുകൾ പോലീസ് സ്റ്റേഷനായി ഉയർത്തുന്നതും സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് മുൻഗണനാ പട്ടികയൊന്നും തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ